കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 21 | 2022 |



ശബരിമല പത്രക്കുറിപ്പ് - 4

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# പ്ലാസ്റ്റിക്കിനെതിരേ ബോധവൽക്കരണുമായി മലേഷ്യൻ സ്വാമിമാരുടെ സംഘം

പ്ലാസ്റ്റിക്ക് ഉപയോഗത്തിനെതിരേ അയ്യപ്പഭക്തന്മാർക്കിടയിൽ ബോധവൽക്കരണവു
മായി മലേഷ്യൻ സ്വാമിമാർ. ഗുരുസ്വാമിയായ ശ്യാം കുമാറിന്റെ നേതൃത്വത്തിലുള്ള
പന്ത്ര ംഗ തമിഴ് വംശജരായ മലേഷ്യൻ പൗരന്മാരായ അയ്യപ്പഭക്തരുടെ സംഘമാ
ണ് പ്ലാസ്റ്റിക്ക് ഉപയോഗത്തിനെതിരേ ഇന്നലെ സന്നിധാനത്ത് ലഘുലേഖകളുമാ
യി ബോധവൽക്കരണം നടത്തിയത്. ശബരിമലയിൽ ഉത്തരവാദിത്ത തീർഥാടനം ന
ടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി ചേർ
ന്നാണ് പതിവായി ശബരിമല സന്ദർശനത്തിനെത്തുന്ന മലേഷ്യൻ സ്വാമിമാരുടെ
സംഘം അയ്യപ്പഭക്തർക്കിടയിൽ ബോധവൽക്കരണം നടത്തിയത്. പ്രഫഷണലു
കളും വിദ്യാർഥികളും അടങ്ങുന്നവരാണ് സംഘത്തിലുള്ളത്. പലരും പതിറ്റാ ി
ലേറെയായി എല്ലാവർഷവും ശബരിമലയിലെത്തുന്നവരാണ്. ര ുതലമുറ മുമ്പേ
തമിഴ്നാട്ടിൽ നിന്ന് മലേഷ്യയിലേക്കു കുടിയേറിവരുടെ പിന്മുറക്കാരാണിവർ. 'നി

ങ്ങളുടെ മാലിന്യം വീട്ടിലേക്കു തിരിച്ചുകൊ ുപോകു’ എന്നെഴുതിയ ബാനറുകളുമായി പച്ചനിറത്തിലുള്ള ജാക്കറ്റും അണിഞ്ഞ് സംഘമായാണ് മലേഷ്യൻ സ്വാമിമാർ ബോധവൽക്കരണം നടത്തുന്നത്. മകരജ്യോതി ദർശനത്തിന് 25 മലേഷ്യൻ സ്വാമിമാരുടെ മറ്റൊരുസംഘമെത്തുമെന്നും അവരും അയ്യപ്പന്റെ പൂങ്കാവനത്തിലെ പ്ലാസ്റ്റിക് ഉപയോഗത്തിനെതിരേ ഭക്തർക്കിടയിൽ ബോധവൽക്കരണം നടത്തുമെന്നും ശ്യാംകുമാർ പറഞ്ഞു.

***ഫോട്ടോക്യാപ്ഷൻ: മലേഷ്യയിൽ നിന്നുള്ള സ്വാമിമാരുടെ സംഘം സന്നിധാനത്ത് അയ്യപ്പഭക്തർക്കിടയിൽ പ്ലാസ്റ്റിക്കിനെതിരേ ബോധവൽക്കരണം നടത്തുന്നു.***

(പി.ആർ. ശബരി - 180)

